# പതിനാലാം കേരള നിയമസഭ

## പതിമൂന്നാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ 4158

13-12-2018-ലെ മറുപടിയ്ക്ക്

**സാലറി ചലഞ്ച്**

| **ചോദ്യം**<br>**ശ്രീ.എ.പി. അനിൽ കുമാർ** | **മറുപടി**<br>**ഡോ. ടി. എം. തോമസ് ഐസക്ക്**<br>**ധനകാര്യവും കയറും വകുപ്പുമന്ത്രി** |
|---|---|
| എ) സാലറി ചലഞ്ചുമായി ബന്ധപ്പെട്ട് സർക്കാർ കോടതിയിൽ കേസ് നടത്തിയ വകയിൽ എത്ര തുക ചെലവായെന്ന് വിശദമാക്കാമോ; | സാലറി ചലഞ്ചുമായി ബന്ധപ്പെട്ട് സർക്കാർ കോടതിയിൽ കേസ് നടത്തിയ വകയിലുള്ള ചെലവുകൾ അഡ്വക്കേറ്റ് ജനറലിന്റെ ഓഫീസിൽ തയ്യാറാക്കിവരുന്നതേയുള്ളൂ. |
| ബി) കോടതി വിധിയുമായി ബന്ധപ്പെട്ട് എന്തെല്ലാം മാറ്റങ്ങളാണ് സാലറി ചലഞ്ച് ഉത്തരവിൽ വരുത്തിയത് എന്ന് വ്യക്തമാക്കാമോ? | സാലറി ചലഞ്ചുമായി ബന്ധപ്പെട്ട് പുറപ്പെടുവിച്ച ജി.ഒ(അച്ചടി) നം.144/18/ധന തീയതി 11.09.2018 ലെ clause (10) പ്രകാരം ഒരുമാസത്തെ ശമ്പളം നൽകാൻ സാധിക്കാത്ത ജീവനക്കാർ വിസമ്മതപ്രസ്താവന നൽകണമെന്ന വ്യവസ്ഥ കോടതി സ്റ്റേ ചെയ്തു. ഇതിന്റെ വെളിച്ചത്തിൽ clause (10), clause (11) വ്യവസ്ഥകൾ റദ്ദ് ചെയ്ത് കൊണ്ടും ജീവനക്കാരിൽ നിന്ന് സമ്മതപ്രസ്താവന വാങ്ങിക്കൊണ്ടും സാലറിചലഞ്ചിൽ ഭാഗമാകാൻ സർക്കുലർ നം.99/18/ധന തീയതി 31.10.2018 പ്രകാരം ഉത്തരവ് പുറപ്പെടുവിച്ചിരുന്നു. |

സെക്ഷൻ ഓഫീസർ